# പത്രക്കുറിപ്പ്

2017-ാമാണ്ടിലെ ആറ്റുകാൽ പൊങ്കാല മഹോൽസവത്തോടനുബന്ധിച്ച് ആറ്റുകാലിലും പരിസര പ്രദേശങ്ങളിലും ഭക്ത ജനങ്ങളുടേയും വാഹനങ്ങളുടേയും തിരക്കേറിവരുന്നതിനാൽ തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് താഴെ പറയുന്ന ഗതാഗതക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

1. കരമന ഭാഗത്തുനിന്നും കിള്ളിപ്പാലം ഭാഗത്തുനിന്നും ആറ്റുകാൽ ക്ഷേത്രത്തിലേയ്ക്ക് വരുന്ന വാഹനങ്ങൽ ആറ്റുകാൽ പാർക്കിംഗ് ഗ്രൗണ്ടിൽ മാത്രം പാർക്ക് ചെയ്യുക. പാർക്കിംഗ് ഗ്രൗണ്ട് ഫുള്ളായാൽ വാഹനങ്ങൾ ചിറപ്പാലം വഴി പോയി ആറ്റുകാൽ ഹോമിയോ കോളേജ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യുക.
2. മണക്കാട് ഭാഗത്ത് നിന്നും ആറ്റുകാൽ ക്ഷേത്രത്തിലേയ്ക്ക് വരുന്ന വാഹനങ്ങൽ ആറ്റുകാൽ പാർക്കിംഗ് ഗ്രൗണ്ടിൽ മാത്രം പാർക്ക് ചെയ്യുക. പാർക്കിംഗ് ഗ്രൗണ്ട് ഫുള്ളായാൽ വാഹനങ്ങൾ ഗ്രന്ഥശാല, മേടമുക്ക് വഴി പോയി ആറ്റുകാൽ ഹോമിയോ കോളേജ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യുക.

മേൽപ്പറഞ്ഞിരിക്കുന്ന ഭാഗങ്ങളിലല്ലാതെ റോഡിനിരുവശവും പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളെ റിക്കവറി വാൻ ഉപയോഗിച്ച് തൽസ്ഥാനത്ത് നിന്നും മാറ്റി ഗതാഗതവും കാൽ നടയാത്രയും സുഗമമാക്കുകയും വാഹന ഡ്രൈവർമാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസിന്റെ ഗതാഗത ക്രമീകരണങ്ങളുമായി ഭക്തജനങ്ങളും വാഹന ഡ്രൈവർമാരും പൊതുജനങ്ങളും സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

0471 2558731
0471 2558732

OFFICE OF THE INSPECTOR OF POLICE
THIRUVANANTHAPURAM CITY
TRAFFIC POLICE STATION

പോലീസ് ഇൻസ്പെക്ടർ,
ട്രാഫിക് സൗത്ത് ഡിവിഷൻ,
തിരുവനന്തപുരം സിറ്റി

NB: എല്ലാ ദിനപ്പത്രങ്ങളിലും പ്രസിദ്ധീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.